**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300, 2332120, 2338487

**വിജ്ഞാപനം**

**കീം-2025**
**കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ - 2025**
**അഡ്മിറ്റ് കാർഡുകൾ ഓൺലൈനായി ലഭ്യമാക്കി**

2025 ഏപ്രിൽ 23 മുതൽ 29 വരെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും മുംബൈ, ന്യൂഡൽഹി, ചെന്നൈ, ബംഗളൂരു, ദുബായ് എന്നിവിടങ്ങളിലും വച്ച് നടത്തുന്ന കേരള എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർ ഡുകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2025-Candidate Portal'** എന്ന ലിങ്ക് വഴി ഡൌൺലോഡ് ചെയ്യെടുക്കാവുന്നതാണ്.

മേൽ പറഞ്ഞ വെബ്സൈറ്റിലെ **KEAM 2025-Candidate Portal** എന്ന ലിങ്കിലൂടെ അവരുടെ ആപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും കൃത്യമായി നൽകിയതിനു ശേഷം 'Admit Card' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്.

അപ്‌ലോഡ് ചെയ്ത ഓൺലൈൻ അപേക്ഷയിലെ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. അവർക്ക് ഹോം പേജിലെ 'memo details' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദ വിവരങ്ങൾ കാണാവുന്നതാണ്. ഫോട്ടോഗ്രാഫ്, ഒപ്പ്, ക്ലാസ് X സർട്ടിഫിക്കറ്റ് എന്നിവ അപ്‌ലോഡ് ചെയ്യാത്തവരുടെയും, അപ്‌ലോഡ് ചെയ്തതിൽ അപാകതയുള്ള അപേക്ഷകരുടെയും, അപേക്ഷാ ഫീസിന്റെ ബാക്കി തുക ഒടുക്കാനുള്ളവരുടെയും അഡ്മിറ്റ് കാർഡ് പോർട്ടലിൽ ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് അഡ്മിറ്റ് കാർഡ് ലഭ്യമാക്കുന്നതാണ്. ഫോട്ടോ/ഒപ്പ്, പത്താം ക്ലാസ് സർട്ടിഫിക്കറ്റ് എന്നിവ അപ്‌ലോഡ് ചെയ്യു ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള അവസാന തീയതി 21.04.2025 വൈകുന്നേരം വൈകുന്നേരം 4.00 മണിയാണ്. നിശ്ചിത തീയതിക്ക് മുമ്പ് പിഴവുകൾ പരിഹരിക്കാത്തവർക്ക് അഡ്മിറ്റ് കാർഡ് നൽകുന്നതല്ല. ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്ത മറ്റ് രേഖകളിൽ എന്തെങ്കിലും പിഴവുകൾ ഉണ്ടെങ്കിൽ, അപേക്ഷകരെ **Candidate Portal** ൽ വഴി യഥാസമയം

അറിയിക്കുകയും അതിനുശേഷം പിഴവുകൾ പരിഹരിക്കുകയും ചെയ്യാവുന്നതാണ്.

പ്രവേശന പരീക്ഷയ്ക്ക് ഹാജരാകുന്നവർ അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് നിർബന്ധമായും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡ് ഹാജരാക്കാത്തവരെ പ്രവേശന പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. തിരിച്ചറിയലിന് അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ട് കൂടുതൽ അഭികാമ്യമാണ്. എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകൾക്ക് അപേക്ഷിച്ചവർക്ക് മാത്രമാണ് അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കിയിട്ടുള്ളത്.

വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡ് കൂടാതെ ഡ്രൈവിംഗ് ലൈസൻസ്, സ്കൂൾ ഐഡന്റിറ്റി കാർഡ്, പാസ്പോർട്ട്, പാൻകാർഡ്, ഇലക്ഷൻ ഐ.ഡി, ഫോട്ടോ പതിച്ച ഹാൾടിക്കറ്റ്, ആധാർ കാർഡ്, ഇ ആധാർ, റേഷൻ കാർഡ്, ഫോട്ടോ പതിച്ച ബാങ്ക് പാസ്സ് ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയും, ഈ രേഖകളുടെ അഭാവത്തിൽ വിദ്യാർത്ഥി പ്ലസ് ടു പഠനം പൂർത്തിയാക്കിയ സ്ഥാപന മേധാവി നൽകുന്ന വിദ്യാർത്ഥിയുടെ ഫോട്ടോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ നൽകുന്ന വിദ്യാർത്ഥിയുടെ ഫോട്ടോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ കരുതേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300, 2332120, 2338487**

Signed by
R Manoj
Date: 13-04-2025 17:46:59

**ജോയിൻറ് കമ്മീഷണർ(അക്കാഡമിക് )**
**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
13-04-2025